യേശു,കന്യാമറിയം
ഖുർആൻ വെളിപ്പെടുത്തിയ സത്യമെന്ത് ?!

(ക്രിസ്ത്യാനികൾ അറിഞ്ഞിരിക്കേണ്ട യാഥാർത്ഥ്യങ്ങൾ)

പ്രസാധനം

MASFOT
Raise Yourself To Help Mankind
NABA
MAS FOUNDATION TRUST

MAS Foundation Trust
19 Thacker Street
Purasawalkam
Chennai 600 084
88388 92393

Malayalam JEM


God had created the Universe and estableshed Adam (the first man) on the earth to live based on the following Three main Priciples only.
Until the doomsday these three priciples must be adhered by all.
You and your descendants must know and follow it in order to attain Paradise after death. Here are they:



Monotheism



Prophethood



Life after Death

യേശു,കന്യാമറിയം
ഖുർആൻ വെളിപ്പെടുത്തിയ സത്യമെന്ത് ?!

(ക്രിസ്ത്യാനികൾ അറിഞ്ഞിരിക്കേണ്ട യാഥാർത്ഥ്യങ്ങൾ)

പ്രസാധനം

MASFOT
Raise Yourself To Help Mankind
NABA
MAS FOUNDATION TRUST

മാസ് ഫൗണ്ടേഷൻ ട്രസ്റ്റ്
19 താക്കർ സ്ട്രീറ്റ്
പുരസവാൽക്കം
ചെന്നൈ 600 084
8838892393

ആമുഖം

പ്രിയരെ,

യേശു , കന്യാമർയം എന്നിവരെക്കുറിച്ച് അവസാന വേദപതിപ്പായ ഖുർആൻ കലർപ്പില്ലാതെ സത്യസന്ധമായി വെളിപ്പെടുത്തിയ യാഥാർത്ഥ്യങ്ങളാണ് ഈ പുസ്തകത്തിലൂടെ നിങ്ങളുടെ കൈകളിലേക്ക് വന്നുചേരുന്നത്.

മുസ്‌ലിംകൾ ഉൾക്കൊള്ളുന്ന വിശ്വാസത്തിൽ പലതും ക്രിസ്ത്യാനികളുടെ വിശ്വാസവുമായി ബന്ധമുള്ളതാണെന്ന് ക്രിസ്ത്യാനികൾക്ക് അറിയാമെങ്കിലും വിശ്വാസപരമായ ആ പരസ്പരബന്ധങ്ങൾ എന്തൊക്കെയാണെന്ന് ക്രിസ്ത്യാനികളിൽ പലർക്കും കൃത്യമായി അറിയില്ല.

പ്രവാചകൻ അബ്രഹാമിന്റെ രണ്ട് മക്കളായിരുന്ന ഇസ്ഹാഖ്, ഇസ്മാഈൽ എന്നിവരിൽ ഇസ്ഹാക്കിന്റെ സന്താനപരമ്പരയിൽ പെട്ടവരാണ് മോശയും യേശുവും. ഇസ്മാഈലിന്റെ സന്താനപരമ്പരയിൽ പെട്ടവനാണ് പ്രവാചകൻ മുഹമ്മദ്. അന്ത്യപ്രവാചകൻ നിയോഗിക്കപ്പെടുന്നത് ഇസ്മാഈലിന്റെ സന്താനപരമ്പരയിൽ നിന്നാണെന്ന് പഴയനിയമത്തിലും പുതിയനിയമത്തിലും ഒരുപോലെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

1400വർഷങ്ങൾക്ക് മുമ്പ് അറേബ്യയിലെ മക്കയിലാണ് പ്രവാചകൻ മുഹമ്മദ് ജനിച്ചത്. 40 വയസ്സിൽ പ്രവാചകനായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട മുഹമ്മദ് 63വയസ്സിൽ മൃതിയടഞ്ഞു. 23വർഷം നീണ്ടുനിന്ന പ്രവാചക കാലഘട്ടത്തിൽ മുഹമ്മദിന് ജിബ്‌രീൽ (ഗബ്രിയേൽ) എന്ന മാലാഖയിലൂടെ ദൈവം അവതരിപ്പിച്ചു കൊടുത്ത അവസാന വേദപതിപ്പാണ് ഖുർആൻ. ഖുർആൻ വേദത്തിനു ശേഷം ലോകവസാനം വരെ മറ്റൊരു വേദം ഇറങ്ങുകയില്ല, മുഹമ്മദിന് ശേഷം മറ്റൊരു പ്രവാചകനുമില്ല.

വേദത്തിന്റെ ഈ അവസാനപതിപ്പ് ആദം മുതൽ യേശു ഉൾപ്പെടെയുള്ള മുൻകഴിഞ്ഞ എല്ലാ ദൈവദൂതന്മാരെയും സത്യപ്പെടുത്തുന്നുണ്ട്. ദൈവദൂതന്മാരെല്ലാം ഒരേ സന്ദേശം തന്നെയാണ് അറിയിച്ചുതന്നത്. ഒന്നാമതായി, നമ്മെ സൃഷ്ടിച്ച ഏകദൈവത്തിന് കീഴ്പ്പെട്ട് അവനെ ആരാധിക്കുക. രണ്ടാമതായി, ഒരു ജനതയിലേക്ക് ഒരു പ്രവാചകനെ ദൈവം നിയോഗിക്കുകയും ആ പ്രവാചകൻ ദൈവീകശാസനകൾ (ഹലാൽ-ഹറാം) അറിയിച്ചു കൊടുക്കുകയും ചെയ്യുമ്പോൾ ജനങ്ങൾ പ്രവാചകസന്ദേശം ഉൾക്കൊണ്ട് പ്രവാചകനെ പിൻപറ്റി ജീവിക്കണം. ഈ രണ്ടുകാര്യങ്ങളാണ് എക്കാലത്തും ദൈവം നൽകിയ അടിസ്ഥാന നിയമപ്രമാണം.

അപ്രകാരം, ഖുർആൻ അതിനുമുമ്പ് അവതീർണമായ എല്ലാ വേദഗ്രന്ഥ പതിപ്പുകളെയും ആ വേദപതിപ്പുകളുടെ വാഹകരായി നിയോഗിക്കപ്പെട്ട എല്ലാ പ്രവാചകന്മാരെയും സത്യമായി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

അപ്രകാരം തന്നെ, പ്രവാചകൻ മുഹമ്മദിന്റെ ജനനത്തിന് 600വർഷം മുമ്പ് ജനിച്ച യേശുവിനെക്കുറിച്ചും യേശുവിന്റെ ആദരണീയ മാതാവിനെ കുറിച്ചും അവരുടെ ജനനത്തെക്കുറിച്ചും ഖുർആൻ കൃത്യമായി വിവരിക്കുന്നുണ്ട്.യേശു ദൈവദൂതനാണെന്നും ദൈവസന്താനമല്ലെന്നും തെളിവുസഹിതം വെളിപ്പെടുത്തുന്ന ഖുർആൻ യേശുവിനെ ദൈവസന്താനമാക്കി സങ്കൽപ്പിക്കുന്ന നിലപാട് കടുത്ത പാപമാണെന്ന താക്കീതും നൽകുന്നു.

ക്രിസ്ത്യാനീസമൂഹം സത്യം സത്യമായി തിരിച്ചറിയാൻ വേണ്ടിയാണ് ഖുർആൻ വേദത്തിന്റെ പ്രസക്തവചനങ്ങൾ പ്രത്യേകം തെരഞ്ഞെടുത്ത് ഒരു കൊച്ചുകൃതിയായി ഈ പുസ്തകം തയ്യാറാക്കിയതെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു.

മാസ് ഫൗണ്ടേഷൻ ട്രസ്റ്റ്

പ്രത്യേക അറിയിപ്പ്

തുടർന്ന് വരുന്ന ഖുർആൻ വചനങ്ങളിൽ കാണുന്ന 'അല്ലാഹു' എന്ന പദം ദൈവത്തിന്റെ പേരാണ്. അല്ലാഹു എന്ന പേരിന് പുറമെ ദൈവീകനാമങ്ങൾ എന്ന പേരിൽ അറിയപ്പെടുന്ന നാമങ്ങൾ അല്ലാഹുവിന്റെ സവിശേഷനാമങ്ങളായ ഉത്തമ നാമങ്ങളാകുന്നു.

യേശുവും കന്യാമറിയമും ഖുർആൻ ഏടുകളിൽ

അധ്യായം 02 പശു, വചനം 87.

മൂസാക്ക് നാം ഗ്രന്ഥം നൽകി. അദ്ദേഹത്തിന് ശേഷം തുടർച്ചയായി നാം ദൂതന്മാരെ അയച്ചുകൊണ്ടിരുന്നു. മർയമിന്റെ മകനായ ഈസാക്ക് നാം വ്യക്തമായ ദൃഷ്ടാന്തങ്ങൾ നൽകുകയും അദ്ദേഹത്തിന് നാം പരിശുദ്ധാത്മാവിനാൽ പിൻബലമേകുകയും ചെയ്തു. എന്നിട്ട് നിങ്ങളുടെ മനസ്സിനു പിടിക്കാത്ത കാര്യങ്ങളുമായി വല്ല ദൈവദൂതനും നിങ്ങളുടെ അടുത്ത് വരുമ്പോഴൊക്കെ നിങ്ങൾ അഹങ്കരിക്കുകയും, ചില ദൂതന്മാരെ നിങ്ങൾ തള്ളിക്കളയുകയും മറ്റുചിലരെ നിങ്ങൾ കൊലപ്പെടുത്തുകയുമാണോ?

അധ്യായം 2 പശു, വചനം 136.

വിശ്വസിച്ചവരേ നിങ്ങൾ പറയുക: അല്ലാഹുവിലും അവങ്കൽ നിന്ന് ഞങ്ങൾക്ക് അവതരിച്ചു കിട്ടിയതിലും ഇബ്റാഹീമിനും, ഇസ്മാഈലിനും, ഇസ്ഹാഖിനും, യഅഖൂബിനും, യഅഖൂബ് സന്തതികൾക്കും അവതരിപ്പിച്ചു കൊടുത്തതിലും മൂസാ, ഈസാ എന്നിവർക്ക് നൽകപ്പെട്ടതിലും, സർവ്വ പ്രവാചകന്മാർക്കും അവരുടെ രക്ഷിതാവിങ്കൽ നിന്ന് നൽകപ്പെട്ട സന്ദേശങ്ങളിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന്ന് കീഴ്പ്പെട്ടു ജീവിക്കുന്നവരാകുന്നു.

അധ്യായം 2 പശു, വചനം 253.

ആ ദൈവദൂതന്മാരിൽ ചിലർക്ക് നാം മറ്റുചിലരേക്കാൾ ശ്രേഷ്ഠത നൽകിയിരിക്കുന്നു. അല്ലാഹു നേരിൽ സംസാരിച്ചിട്ടുള്ളവർ അവരിലുണ്ട്. അവരിൽ ചിലരെ അവൻ പല പദവികളിലേക്ക് ഉയർത്തിയിട്ടുമുണ്ട്. മർയമിന്റെ മകൻ ഈസാക്ക് നാം വ്യക്തമായ ദൃഷ്ടാന്തങ്ങൾ നൽകുകയും പരിശുദ്ധാത്മാവ് മുഖേന അദ്ദേഹത്തിന് നാം പിൻബലമേകുകയും ചെയ്തിട്ടുണ്ട്. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ആ ദൂതന്മാരുടെ പിൻഗാമികൾ വ്യക്തമായ തെളിവ് വന്നുകിട്ടിയതിനു ശേഷവും അന്യോന്യം പോരടിക്കുമായിരുന്നില്ല. എന്നാൽ അവർ ഭിന്നിച്ചു. അങ്ങനെ അവരിൽ വിശ്വസിച്ചവരും നിഷേധിച്ചവരുമുണ്ടായി. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവർ പരസ്പരം പോരടിക്കുമായിരുന്നില്ല. പക്ഷെ അല്ലാഹു താൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നു.

അധ്യായം 3 ഇംറാൻ കുടുംബം, വചനങ്ങൾ 33,34.

തീർച്ചയായും ആദമിനെയും നൂഹിനെയും ഇബ്റാഹീമിം കുടുംബത്തെയും ഇംറാൻ കുടുംബത്തെയും ലോകരിൽ ഉൽകൃഷ്ടരായി അല്ലാഹു തെരഞ്ഞെടുത്തിരിക്കുന്നു. ചിലർ ചിലരുടെ സന്തതികളായിക്കൊണ്ട്. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനു മത്രെ.

അധ്യായം 3 ഇംറാൻ കുടുംബം, വചനം 35.

ഇംറാന്റെ ഭാര്യ പറഞ്ഞ സന്ദർഭം: എന്റെ രക്ഷിതാവേ, എന്റെ വയറ്റിലുള്ള കുഞ്ഞിനെ നിനക്കായി ഉഴിഞ്ഞുവെക്കാൻ ഞാൻ നേർച്ച നേർന്നിരിക്കുന്നു. ആകയാൽ എന്നിൽ നിന്ന് നീ അത് സ്വീകരിക്കേണമേ. തീർച്ചയായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമല്ലോ.

അധ്യായം 3 ഇംറാൻ കുടുംബം, വചനം 36.

എന്നിട്ട് പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു, 'എൻറെ രക്ഷിതാവേ, ഞാൻ പ്രസവിച്ച കുട്ടി പെണ്ണാണല്ലോ? എന്നാൽ, അല്ലാഹു അവൾ പ്രസവിച്ചതിനെപ്പറ്റി കൂടുതൽ അറിവുള്ളവനത്രെ. ആൺ പെണ്ണിനെപ്പോലെയല്ല. അവൾ പറഞ്ഞു : ആ കുട്ടിക്ക് ഞാൻ മർയം എന്ന് പേരിട്ടിരിക്കുന്നു. അവളെയും അവളുടെ സന്തതികളെയും ശപിക്കപ്പെട്ട പിശാചിൽ നിന്ന് കാത്തുരക്ഷിക്കുവാൻ വേണ്ടി ഞാൻ നിന്നിൽ ശരണം പ്രാപിക്കുകയും ചെയ്യുന്നു.

അധ്യായം 3 ഇംറാൻ കുടുംബം, വചനം 37.

അങ്ങനെ മർയമിന്റെ രക്ഷിതാവ് അവളെ നല്ലനിലയിൽ സ്വീകരിക്കുകയും നല്ലനിലയിൽ വളർത്തിക്കൊണ്ടു വരികയും അവളുടെ സംരക്ഷണ ചുമതല സകരിയ്യായെ ഏൽപിക്കുകയും ചെയ്തു. പ്രാർത്ഥനവേദിയിൽ അവളുടെ അടുക്കൽ സകരിയ്യ കടന്നു ചെല്ലുമ്പോഴെല്ലാം അവളുടെ അടുത്ത് ഏതെങ്കിലും ആഹാരം കണ്ടെത്തുമായിരുന്നു. അദ്ദേഹം ചോദിച്ചു, 'നിനക്ക് എവിടെ നിന്നാണ് ഇത് കിട്ടിയത്?' അവൾ മറുപടി പറഞ്ഞു: അത് അല്ലാഹുവിങ്കൽ നിന്ന് ലഭിക്കുന്നതാകുന്നു. തീർച്ചയായും അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് കണക്കറ്റ് നൽകുന്നു.

അദ്ധ്യായം 3 ഇംറാൻ കുടുംബം, വചനങ്ങൾ 42,43.

മലക്കുകൾ പറഞ്ഞ സന്ദർഭം : മർയമേ, തീർച്ചയായും അല്ലാഹു നിന്നെ പ്രത്യേകം തിരഞ്ഞെടുക്കുകയും നിനക്ക് പരിശുദ്ധി നൽകുകയും ലോകത്തുള്ള സ്ത്രീകളിൽ വെച്ച് ഉൽകൃഷ്ടയായി നിന്നെ തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു. മർയമേ, നിന്റെ രക്ഷിതാവിനോട് നീ ഭയഭക്തി കാണിക്കുകയും അവന്ന് പ്രണാമം അർപ്പിക്കുകയും തലകുനിക്കുന്നരോടൊപ്പം തലകുനിക്കുകയും ചെയ്യുക.

അധ്യായം 3 ഇംറാൻ കുടുംബം, വചനം 44.

നബിയെ നാം നിനക്ക് ബോധനം നൽകുന്ന അദൃശ്യവാർത്തകളിൽ പെട്ടതാകുന്നു അവയൊക്കെ. അവരിൽ ആരാണ് മർയമിന്റെ സംരക്ഷണം ഏറ്റെടുക്കേണ്ടതെന്ന് തീരുമാനിക്കുവാൻ അവർ തങ്ങളുടെ അമ്പുകളിട്ട് നറുക്കെടുപ്പ് നടത്തിയിരുന്ന സമയത്ത് നീ അവരുടെ അടുത്തുണ്ടായിരുന്നില്ല. അവർ തർക്കത്തിൽ ഏർപ്പെട്ടു

കൊണ്ടിരുന്നപ്പോഴും നീ അവരുടെ അടുത്തുണ്ടായിരുന്നില്ല.

അധ്യായം 3 ഇംറാൻ കുടുംബം, വചനങ്ങൾ 45,46.

മലക്കുകൾ പറഞ്ഞ സന്ദർഭം: മർയമേ, അല്ലാഹു നിനക്ക് അവന്റെ പക്കൽ നിന്നുള്ള ഒരു വചനത്തെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നു. അവന്റെ പേർ മർയമിന്റെ മകൻ മസീഹ് ഈസാ എന്നാകുന്നു. അവൻ ഇഹത്തിലും പരത്തിലും മഹത്വമുള്ളവനും സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനുമായിരിക്കും. തൊട്ടിലിലായിരിക്കുമ്പോഴും മധ്യവയസ്കൻ ആയിരിക്കുമ്പോഴും അവൻ ജനങ്ങളോട് സംസാരിക്കുന്നതാണ്. അവൻ സദ്വൃത്തരിൽ പെട്ടവനുമായിരിക്കും.

അധ്യായം 3 ഇംറാൻ കുടുംബം, വചനങ്ങൾ 47,48,49,50.

മർയം പറഞ്ഞു: എന്റെ രക്ഷിതാവേ, എനിക്ക് എങ്ങനെയാണ് കുട്ടിയുണ്ടാകുക? എന്നെ ഒരു മനുഷ്യനും സ്പർശിച്ചിട്ടില്ലല്ലോ. അല്ലാഹു പറഞ്ഞു : അതങ്ങനെ ത്തന്നെയാകുന്നു. താൻ ഉദ്ദേശിക്കുന്നത് അല്ലാഹു സൃഷ്ടിക്കുന്നു. അവൻ ഒരു കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ അതിനോട് 'ഉണ്ടാകൂ' എന്ന് പറയുകയേ വേണ്ടൂ. അപ്പോൾ അതുണ്ടാകുന്നു. ഈസായെ അല്ലാഹു ഗ്രന്ഥവും ജ്ഞാനവും തൗറാത്തും ഇൻജീലും (സുവിശേഷവും) പഠിപ്പിക്കുകയും ചെയ്യും.ഇസ്റാഈൽ സന്തതികളിലേക്ക് അവനെ ദൂതനായി നിയോഗിക്കുകയും ചെയ്യും. അവൻ അവരോട് പറയും: നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ദൃഷ്ടാന്തവും കൊണ്ടാണ് ഞാൻ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്. പക്ഷിയുടെ ആകൃതിയിൽ ഒരു കളിമൺ രൂപം നിങ്ങൾക്ക് വേണ്ടി ഞാൻ ഉണ്ടാക്കുകയും എന്നിട്ട് ഞാൻ അതിൽ ഊതുമ്പോൾ അല്ലാഹുവിന്റെ അനുമതി പ്രകാരം അതൊരു പക്ഷിയായി തീരുകയും ചെയ്യും. അല്ലാഹുവിന്റെ അനുമതി പ്രകാരം ജന്മനാ കാഴ്ചയില്ലാത്തവനെയും പാണ്ഡുരോഗിയെയും ഞാൻ സുഖപ്പെടുത്തും. മരിച്ചവരെ ഞാൻ ജീവിപ്പിക്കുകയും ചെയ്യും. നിങ്ങൾ തിന്നുന്നതിനെപ്പറ്റിയും നിങ്ങൾ നിങ്ങളുടെ വീടുകളിൽ സൂക്ഷിച്ചു വെക്കുന്നതിനെപ്പറ്റിയും ഞാൻ നിങ്ങൾക്ക് പറഞ്ഞറിയിച്ചു തരികയും ചെയ്യും. തീർച്ചയായും അതിൽ നിങ്ങൾക്ക് ദൃഷ്ടാന്തമുണ്ട്. നിങ്ങൾ വിശ്വസിക്കുന്നവരാണെങ്കിൽ. എന്റെ മുമ്പിലുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്ന വനായിക്കൊണ്ടും നിങ്ങളുടെമേൽ നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങളിൽ ചിലത് നിങ്ങൾക്ക് അനുവദിച്ചു തരുവാൻ വേണ്ടിയുമാകുന്നു ഞാൻ നിയോഗിക്കപ്പെട്ടത്. നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു ദൃഷ്ടാന്തവും നിങ്ങൾക്ക് ഞാൻ കൊണ്ടുവന്നിരിക്കുന്നു. ആകയാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

അധ്യായം 3 ഇംറാൻ കുടുംബം, വചനം 51.

തീർച്ചയായും അല്ലാഹു എന്റെയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക, ഇതാകുന്നു നേരായ മാർഗ്ഗം.

അധ്യായം 3 ഇംറാൻ കുടുംബം, വചനങ്ങൾ 52 , 53.

എന്നിട്ട് ഈസാക്ക് അവരുടെ നിഷേധസ്വഭാവം ബോധ്യമായപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവിങ്കലേക്ക് എന്റെ സഹായികളായി ആരുണ്ട്? ഹവാരികൾ (ശിഷ്യസമൂഹം) പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാകുന്നു. ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ അല്ലാഹുവിന്ന് കീഴ്പ്പെട്ടവരാണ് എന്നതിന് താങ്കൾ സാക്ഷ്യം വഹിച്ചാലും. ഞങ്ങളുടെ നാഥാ, നീ അവതരിപ്പിച്ചു തന്നതിൽ ഞങ്ങൾ വിശ്വസിക്കുകയും നിന്റെ ദൂതനെ ഞങ്ങൾ പിൻപറ്റുകയും ചെയ്തിരിക്കുന്നു. ആകയാൽ സത്യസാക്ഷ്യം വഹിച്ചവരോടൊപ്പം ഞങ്ങളെ നീ രേഖപ്പെടുത്തേണമേ.

അധ്യായം 3 ഇംറാൻ കുടുംബം, വചനം 54.

സത്യനിഷേധികൾ തന്ത്രം പ്രയോഗിച്ചു, അല്ലാഹുവും തന്തം പ്രയോഗിച്ചു. തന്ത്രം പ്രയോഗിക്കുന്നവരിൽ മെച്ചപ്പെട്ടവൻ അല്ലാഹുവാകുന്നു.

അധ്യായം 3 ഇംറാൻ കുടുംബം, വചനം 55.

അല്ലാഹു പറഞ്ഞ സന്ദർഭം: ഹേ ഈസാ, തീർച്ചയായും നിന്നെ നാം പൂർണ്ണമായി ഏറ്റെടുക്കുകയും എന്റെ അടുക്കലേക്ക് നിന്നെ ഉയർത്തുകയും സത്യനിഷേധികളിൽ നിന്ന് നിന്നെ നാം ശുദ്ധമാക്കുകയും നിന്നെ പിന്തുടർന്നവരെ ഉയിർത്തെഴുന്നേൽപ് നാൾ വരെയും സത്യനിഷേധികളെക്കാൾ ഉന്നതന്മാരാക്കുകയും ചെയ്യുന്നതാണ്. പിന്നെ എന്റെ അടുത്തേക്കാണ് നിങ്ങളുടെ മടക്കം. നിങ്ങൾ ഭിന്നിച്ചു കൊണ്ടിരിക്കുന്ന കാര്യത്തിൽ അപ്പോൾ ഞാൻ നിങ്ങൾക്കിടയിൽ തീർപ്പു കൽപ്പിക്കുന്നതാണ്.

അധ്യായം 4 സ്ത്രീകൾ, വചനങ്ങൾ 157,159.

അല്ലാഹുവിന്റെ ദൂതനായ മർയമിന്റെ മകൻ മസീഹ് ഈസായെ ഞങ്ങൾ കൊന്നിരിക്കുന്നു എന്ന അവരുടെ വർത്തമാനം, വാസ്തവത്തിൽ അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടുമില്ല ക്രൂശിച്ചിട്ടുമില്ല. പക്ഷെ, യാഥാർത്ഥ്യം അവർക്ക് തിരിച്ചറിയതാവുകയാണ് ഉണ്ടായത്. തീർച്ചയായും അദ്ദേഹത്തിന്റെ കാര്യത്തിൽ ഭിന്നിച്ചവർ അതിനെപ്പറ്റി സംശയത്തിൽ തന്നെയാകുന്നു. ഊഹാപോഹത്തെ പിന്തുടരുന്നതല്ലാതെ അവർക്ക് അക്കാര്യത്തെപ്പറ്റി യാതൊരു അറിവും ഇല്ല. ഉറപ്പായും അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടേയില്ല. വേദക്കാരിൽ ആരുംതന്നെ അദ്ദേഹത്തിന്റെ മരണത്തിനു മുമ്പ് അദ്ദേഹത്തിൽ വിശ്വസിക്കാത്തവരായി ഉണ്ടാകുകയില്ല. ഉയിർത്തെഴുന്നേൽപ്പ് നാളിലാകട്ടെ അദ്ദേഹം അവർക്കെതിരെ സാക്ഷിയാകുകയും ചെയ്യും.

അധ്യായം 4 സ്ത്രീകൾ, വചനം 163.

നൂഹിനും അദ്ദേഹത്തിന് ശേഷമുള്ള പ്രവാചകൻമാർക്കും നാം സന്ദേശം നൽകിയതു പോലെ തന്നെ നിനക്കും നാം സന്ദേശം നൽകിയിരിക്കുന്നു. ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, യഅ്ഖൂബ്സന്തതികൾ, യൂനുസ്, ഹാറൂൺ, സുലൈമാൻ എന്നിവർക്കും നാം സന്ദേശം നൽകിയിരിക്കുന്നു. ദാവൂദിന് നാം സബൂർ(സങ്കീർത്തനം) നൽകി.

അധ്യായം 4 സ്ത്രീകൾ, വചനം 171.

വേദക്കാരേ, നിങ്ങൾ മതകാര്യത്തിൽ അതിരുകവിയരുത്. അല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാത്തതൊന്നും നിങ്ങൾ പറയരുത്. മർയമിന്റെ മകനായ മസീഹ് ഈസാ അല്ലാഹുവിന്റെ ദൂതനും മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവന്റെ വചനവും അവങ്കൽ നിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുക. ത്രിത്വം എന്ന വാക്ക് നിങ്ങൾ പറയരുത്, നിങ്ങളുടെ നന്മക്കായി നിങ്ങൾ അതിൽ നിന്ന് വിരമിക്കൂ. അല്ലാഹു ഏക ആരാധ്യൻ മാത്രമാകുന്നു. തനിക്ക് ഒരു സന്താനം ഉണ്ടായിരിക്കുക എന്നതിൽ നിന്ന് അവൻ എത്രയോ പരിശുദ്ധൻ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവന്റേതാകുന്നു.കൈകാര്യകർത്താവായി അല്ലാഹു തന്നെ മതി.

അദ്ധ്യായം 4 സ്ത്രീകൾ, വചനം 172.

അല്ലാഹുവിന്റെ അടിമയായിരിക്കുന്നതിൽ മസീഹ് ഒരിക്കലും വൈമനസ്യം കാണിക്കുന്നതല്ല. അല്ലാഹുവിന്റെ സാമീപ്യം സിദ്ധിച്ച മലക്കുകളും വൈമനസ്യം കാണിക്കുന്നതല്ല. അല്ലാഹുവിന്ന് കീഴ്പ്പെട്ട് അവനെ ആരാധിക്കുന്നതിൽ ആർ വൈമനസ്യം കാണിക്കുകയും അഹംഭാവം നടിക്കുകയും ചെയ്യുന്നുവൊ അവരെയെല്ലാം ഒന്നടങ്കം അവൻ തന്റെ അടുക്കലേക്ക് ഒരുമിച്ചുകൂട്ടുന്നതാണ്.

അധ്യായം 5 ഭക്ഷണത്തളിക, വചനം 17.

മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്നു പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. പറയുക: മർയമിന്റെ മകൻ മസീഹിനെയും അദ്ദേഹത്തിന്റെ മാതാവിനെയും ഭൂമിയിലുള്ള മുഴുവൻ പേരെയും അല്ലാഹു നശിപ്പിക്കാൻ ഉദ്ദേശിക്കുകയാണെങ്കിൽ അവന്റെ വല്ല നടപടിയിലും സ്വാധീനം ചെലുത്താൻ ആർക്കാണ് കഴിയുക? ആകാശങ്ങളുടെയും ഭൂമിയുടെയും അവക്കിടയിലുള്ളതിന്റെയും എല്ലാം ആധിപത്യം അല്ലാഹുവിന്നത്രെ. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അല്ലാഹു ഏതുകാര്യത്തിനും കഴിവുള്ളവനത്രെ.

അധ്യായം 5 ഭക്ഷണത്തളിക, വചനം 19.

വേദക്കാരേ, ദൈവദൂതന്മാർ വരാതെ ഒരു ഇടവേള കഴിഞ്ഞ ശേഷം നിങ്ങൾക്ക് കാര്യങ്ങൾ വിവരിച്ചുതന്നു കൊണ്ട് നമ്മുടെ ദൂതൻ ഇതാ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നു. ഞങ്ങളുടെ അടുത്ത് ഒരു സന്തോഷവാർത്തക്കാരനൊ താക്കീതുകാരനൊ വന്നില്ല എന്ന് നിങ്ങൾ പറയാതിരിക്കാൻ വേണ്ടിയാണിത്. അതെ, നിങ്ങൾക്ക് സന്തോഷവാർത്ത അറിയിക്കുകയും താക്കീത് നൽകുകയും ചെയ്യുന്ന ആൾ ഇതാ വന്നു കഴിഞ്ഞിരിക്കുന്നു. അല്ലാഹു ഏതു കാര്യത്തിനും കഴിവുള്ളവനത്രെ.

അധ്യായം 5 ഭക്ഷണത്തളിക, വചനം 46.

ആ പ്രവാചകന്മാരെത്തുടർന്ന് അവരുടെ കാൽപാടുകളിലായിക്കൊണ്ട് മർയമിന്റെ മകൻ ഈസായെ തന്റെ മുമ്പിലുള്ള തൗറാത്തിനെ ശരിവെക്കുന്നവനായിക്കൊണ്ട് നാം നിയോഗിച്ചു. സന്മാർഗനിർദ്ദേശവും സത്യപ്രകാശവും അടങ്ങിയ ഇൻജീലും (സുവിശേഷവും) അദ്ദേഹത്തിന് നാം നൽകി. അതിന്റെ മുമ്പിലുള്ള തൗറാത്തിനെ ശരിവെക്കുന്നതും സൂക്ഷ്മത പാലിക്കുന്നവർക്ക് മാർഗദർശനവും സദുപദേശവുമത്രെ അത്.

അധ്യായം 5 ഭക്ഷണത്തളിക, വചനം 72.

മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. എന്നാൽ മസീഹ് പറഞ്ഞത്, 'ഇസ്രായേൽ സന്തതികളെ എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവിന്ന് നിങ്ങൾ കീഴ്പ്പെട്ട് അവനെ ആരാധിക്കുവിൻ. അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗ്ഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല' എന്നാണ്.

അധ്യായം 5 ഭക്ഷണത്തളിക, വചനം 110.

ഈസായോട് അല്ലാഹു പറഞ്ഞ സന്ദർഭം: മർയമിന്റെ മകനായ ഈസാ, തൊട്ടിലിൽ വെച്ചും മദ്ധ്യവയസ്കനായിരിക്കെയും നീ ജനങ്ങളോട് സംസാരിക്കവെ പരിശുദ്ധാത്മാവ് മുഖേന നിനക്ക് ഞാൻ പിൻബലമേകിയ സന്ദർഭത്തിലും, ഗ്രന്ഥവും ജ്ഞാനവും തൗറാത്തും ഇൻജീലും(സുവിശേഷവും) നിനക്ക് ഞാൻ പഠിപ്പിച്ചുതന്ന സന്ദർഭത്തിലും, എന്റെ അനുമതി പ്രകാരം കളിമണ്ണുകൊണ്ട് നീ പക്ഷിയുടെ മാതൃകയിൽ രൂപപ്പെടുത്തുകയും എന്നിട്ട് നീ അതിൽ ഊതുമ്പോൾ എന്റെ അനുമതി പ്രകാരം അത് പക്ഷിയായിത്തീരുകയും ചെയ്യുന്ന സന്ദർഭത്തിലും എന്റെ അനുമതിപ്രകാരം ജന്മനാ കാഴ്ചയില്ലാത്തവനെയും പാണ്ഡുരോഗിയെയും നീ സുഖപ്പെടുത്തുന്ന സന്ദർഭത്തിലും, എന്റെ അനുമതി പ്രകാരം നീ മരണപ്പെട്ടവരെ പുറത്ത് കൊണ്ടുവരുന്ന സന്ദർഭത്തിലും, നീ ഇസ്റാഈൽ സന്തതികളുടെ അടുത്ത് വ്യക്തമായ തെളിവുകളുമായി ചെന്നിട്ട്

അവരിലെ സത്യനിഷേധികൾ ഇത് പ്രത്യക്ഷമായ മാരണം മാത്രമാകുന്നു എന്നു പറഞ്ഞ അവസരത്തിൽ നിന്നെ അപകടപ്പെടുത്തുന്നതിൽ നിന്ന് അവരെ ഞാൻ തടഞ്ഞ സന്ദർഭത്തിലും ഞാൻ നിനക്കും നിന്റെ മാതാവിനും ചെയ്തുതന്ന അനുഗ്രഹം ഓർക്കുക.

അധ്യായം 5 ഭക്ഷണത്തളിക, വചനം 112.

ഹവാരികൾ (ശിഷ്യഗണങ്ങൾ) പറഞ്ഞ സന്ദർഭം: മർയമിന്റെ മകനായ ഈസാ, ആകാശത്തു നിന്ന് ഞങ്ങൾക്ക് ഒരു ഭക്ഷണത്തളിക ഇറക്കിത്തരുവാൻ നിന്റെ രക്ഷിതാവിന് സാധിക്കുമോ? അദ്ദേഹം പറഞ്ഞു: നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹുവെ സൂക്ഷിക്കുക.

അധ്യായം 5 ഭക്ഷണത്തളിക, വചനം 114.

മർയമിന്റെ മകൻ ഈസാ പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവായ അല്ലാഹുവേ, ഞങ്ങൾക്ക് നീ ആകാശത്തു നിന്ന് ഒരു ഭക്ഷണത്തളിക ഇറക്കിത്തരേണമേ. ഞങ്ങൾക്കത് ഞങ്ങളിലെ ആദ്യത്തിലുള്ളവന്നും അവസാനത്തിലുള്ളവന്നും ഒരു പെരുന്നാളും നിന്റെ പക്കൽ നിന്നുള്ള ഒരു ദൃഷ്ടാന്തവുമായിരിക്കണം. ഞങ്ങൾക്ക് നീ അന്നം നൽകേണമേ, അന്നം നൽകുന്നവരിൽ വെച്ച് നീയാണല്ലോ അത്യുത്തമൻ.

അധ്യായം 5 ഭക്ഷണത്തളിക, വചനം 116.

അല്ലാഹു പറയുന്ന സന്ദർഭം: മർയമിന്റെ മകൻ ഈസാ, 'അല്ലാഹുവിന് പുറമെ എന്നെയും എന്റെ മാതാവിനെയും ദൈവങ്ങളാക്കിക്കൊള്ളുവിൻ' എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്? അദ്ദേഹം പറയും: നീയെത്ര പരിശുദ്ധൻ, എനിക്ക് യാതൊരു അവകാശവുമില്ലാത്തത് ഞാൻ പറയാവതല്ലല്ലോ. ഞാൻ അങ്ങനെ പറഞ്ഞിരുന്നുവെങ്കിൽ തീർച്ചയായും നീ അത് അറിഞ്ഞിരിക്കുമല്ലോ. എന്റെ മനസ്സിലുള്ളത് നീ അറിയും, നിന്റെ പക്കലുള്ളത് ഞാൻ അറിയില്ല. തീർച്ചയായും നീ തന്നെയാണ് അദൃശ്യ കാര്യങ്ങൾ അറിയുന്നവൻ.

അധ്യായം 6 കാലികൾ, വചനം 85.

സകരിയ്യാ,യഹ്യാ,ഈസാ,ഇൽയാസ് മുതലായവരെല്ലാം സജ്ജനങ്ങളിൽ പെട്ടവരത്രെ.

അധ്യായം 9 പശ്ചാത്താപം, വചനം 30.

ഉസൈർ (എസ്രാ പ്രവാചകൻ) ദൈവപുത്രനാണെന്ന് യഹൂദന്മാർ പറഞ്ഞു. മസീഹ്(മിശിഹാ) ദൈവപുത്രനാണെന്ന് ക്രിസ്ത്യാനികളും പറഞ്ഞു. അതവരുടെ വായ കൊണ്ടുള്ള ജൽപനം മാത്രമാണ്. മുമ്പ് അവിശ്വസിച്ചവരുടെ വാക്കിനെ അവർ അനുകരിക്കുകയായിരുന്നു. അല്ലാഹു അവരെ ശപിച്ചിരിക്കുന്നു. എങ്ങനെയാണ് അവർ

തെറ്റിക്കപ്പെടുന്നത്?

അധ്യായം 18 ഗുഹ, വചനങ്ങൾ 4 ,5.

അല്ലാഹു സന്താനത്തെ സ്വീകരിച്ചിട്ടുണ്ട് എന്ന് പറഞ്ഞവർക്ക് താക്കീത് നൽകാൻ വേണ്ടിയും. അവർക്കാകട്ടെ, അവരുടെ പിതാക്കൾക്കാകട്ടെ അതിനെപ്പറ്റി യാതൊരു അറിവുമില്ല. അവരുടെ വായിൽ നിന്ന് പുറത്തുവരുന്ന ആ വാക്ക് ഗുരുതരം തന്നെ. അവർ കള്ളമല്ലാതെ പറയുന്നില്ല.

അധ്യായം 19 മർയം, വചനങ്ങൾ 16 , 17.

വേദഗ്രന്ഥത്തിൽ മർയമിനെ പറ്റിയുള്ള വിവരം നീ പറഞ്ഞുകൊടുക്കുക. അവൾ തന്റെ വീട്ടുകാരിൽ നിന്നകന്ന് കിഴക്കുഭാഗത്തുള്ള ഒരു സ്ഥലത്തേക്ക് മാറിത്താമസിച്ച സന്ദർഭം. എന്നിട്ട് അവർ കാണാതിരിക്കാൻ അവൾ ഒരു മറയുണ്ടാക്കി. അപ്പോൾ നമ്മുടെ ആത്മാവിനെ നാം അവളുടെ അടുത്തേക്ക് നിയോഗിച്ചു. അങ്ങനെ അദ്ദേഹം അവളുടെ മുമ്പിൽ തികഞ്ഞ മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടു.

അധ്യായം 19 മർയം, വചനങ്ങൾ 18 ,19.

അവൾ പറഞ്ഞു: തീർച്ചയായും നിന്നിൽ നിന്ന് ഞാൻ പരമകാരുണികനിൽ ശരണം തേടുന്നു, നീ ധർമ്മനിഷ്ഠയുള്ളവനായെങ്കിൽ. അദ്ദേഹം പറഞ്ഞു: പരിശുദ്ധനായ ഒരു ആൺകുട്ടിയെ നിനക്ക് ദാനം ചെയ്യുന്നതിന് വേണ്ടി നിന്റെ രക്ഷിതാവ് അയച്ച ദൂതൻ മാത്രമാകുന്നു ഞാൻ.

അധ്യായം 19 മർയം, വചനം 20.

അവൾ പറഞ്ഞു: എനിക്കെങ്ങനെ ഒരു ആൺകുട്ടിയുണ്ടാകും? യാതൊരു മനുഷ്യനും എന്നെ സ്പർശിച്ചിട്ടില്ല, ഞാനൊരു ദുർനടപടിക്കാരിയായിട്ടുമില്ല.

അദ്ധ്യായം 19 മർയം, വചനം 21.

അദ്ദേഹം പറഞ്ഞു: അതങ്ങനെത്തന്നെ. തന്നെ സംബന്ധിച്ചിടത്തോളം അതൊരു നിസ്സാരകാര്യമാണെന്ന് നിന്റെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു. ആ കുട്ടിയെ മനുഷ്യർക്കു വേണ്ടി ഒരു ദൃഷ്ടാന്തമാക്കാനും നമ്മുടെ പക്കൽ നിന്നുള്ള കാരുണ്യമാക്കാനും നാം ഉദ്ദേശിക്കുന്നു. അത് തീരുമാനിക്കപ്പെട്ട ഒരു കാര്യമാകുന്നു.

അധ്യായം 19 മർയം, വചനം 22.

അങ്ങനെ അവനെ ഗർഭം ധരിക്കുകയും എന്നിട്ടവൾ അതുമായി അകലെ ഒരിടത്ത് മാറിത്താമസിക്കുകയും ചെയ്തു.

അധ്യായം 19 മർയം, വചനം 23.

അങ്ങനെ പ്രസവവേദന അവളെ ഒരു ഈന്തപ്പന മരത്തിന്റെ അടുത്തേക്ക് കൊണ്ടുവന്നു. അവൾ പറഞ്ഞു: ഞാൻ ഇതിനുമുമ്പ് തന്നെ മരിക്കുകയും ആരാലും ഓർമ്മിക്കപ്പെടാതെ പാടേ തള്ളപ്പെട്ടവളാകുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ.

അധ്യായം 19 മർയം, വചനങ്ങൾ 24 , 25 , 26.

ഉടനെ അവളുടെ താഴ്ഭാഗത്തു നിന്ന് അവളോട് വിളിച്ചുപറഞ്ഞു: നീ വ്യസനിക്കേണ്ട, നിന്റെ രക്ഷിതാവ് താഴ്ഭാഗത്ത് ഒരു അരുവി ഉണ്ടാക്കി തന്നിരിക്കുന്നു. നീ ഈന്തപ്പന നിന്റെ അടുത്തേക്ക് പിടിച്ചുകുലുക്കുക. നിനക്കത് പാകമായ ഈന്തപ്പഴം വീഴ്ത്തിത്തരുന്നതാണ്. അങ്ങനെ നീ തിന്നുകയും കുടിക്കുകയും കണ്ണുകുളിർത്തിരിക്കുകയും ചെയ്യുക. ഇനി നീ ജനങ്ങളിൽ ആരെയെങ്കിലും കാണുന്നപക്ഷം ഇപ്രകാരം പറഞ്ഞേക്കുക: പരമകാരുണികന്ന് വേണ്ടി ഞാനൊരു നോമ്പ് നേർന്നിരിക്കയാണ്. അതിനാൽ ഇന്ന് ഞാൻ ഒരു മനുഷ്യനോടും സംസാരിക്കുകയേയില്ല.

അധ്യായം 19 മർയം, വചനങ്ങൾ 27, 28.

അനന്തരം, കുട്ടിയെയും വഹിച്ചുകൊണ്ട് അവൾ തന്റെ ആളുകളുടെ അടുത്തുചെന്നു. അവർ പറഞ്ഞു: മർയമേ, ആക്ഷേപകരമായ ഒരു കാര്യം തന്നെയാകുന്നു നീ ചെയ്തിരിക്കുന്നത്. ഹേ ഹാറൂൻ സഹോദരീ, നിന്റെ പിതാവ് ഒരു ചീത്ത മനുഷ്യനായിരുന്നില്ല. നിന്റെ മാതാവ് ഒരു ദുർനടപടിക്കാരിയുമായിരുന്നില്ല.

അധ്യായം 19 മർയം, വചനം 29.

അപ്പോൾ അവൾ കുട്ടിയുടെ നേരെ ചൂണ്ടിക്കാണിച്ചു.അവർ പറഞ്ഞു: തൊട്ടിലിലുള്ള ഒരു കുട്ടിയോട് ഞങ്ങൾ എങ്ങനെ സംസാരിക്കും?

അധ്യായം 19 മർയം, വചനം 30.

കുട്ടി പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ അടിമയാകുന്നു, അവൻ എനിക്ക് വേദഗ്രന്ഥം നൽകുകയും എന്നെ പ്രവാചകനാക്കുകയും ചെയ്തിരിക്കുന്നു.

അധ്യായം 19 മർയം, വചനങ്ങൾ 31, 32 ,33.

ഞാൻ എവിടെയായായിരുന്നാലും എന്നെ അവൻ അനുഗൃഹീതനാക്കിയിരിക്കുന്നു. ഞാൻ ജീവിച്ചിരിക്കുന്ന കാലമത്രയും നിസ്കരിക്കുവാനും സകാത്ത് നൽകുവാനും അവൻ എന്നോട് അനുശാസിക്കുകയും ചെയ്തിരിക്കുന്നു ,അവൻ എന്നെ എന്റെ മാതാവിനോട് നല്ല നിലയിൽ പെരുമാറുന്നവനുമാക്കിയിരിക്കുന്നു. അവൻ എന്നെ നിഷ്ഠൂരനും ഭാഗ്യംകെട്ടവനുമാക്കിയിട്ടില്ല. ഞാൻ ജനിച്ച ദിവസവും മരിക്കുന്ന ദിവസവും

ജീവനോടെ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്ന ദിവസവും എനിക്കുമേൽ ശാന്തി ഉണ്ടായിരിക്കും.

അദ്ധ്യായം 19 മർയം, വചനം 34.

അതത്രെ മർയമിന്റെ മകനായ ഈസാ. അവർ ഏതൊരു വിഷയത്തിൽ തർക്കിച്ചു കൊണ്ടിരിക്കുന്നുവൊ അതിനെപ്പറ്റിയുള്ള സത്യസന്ധമായ വാക്കാണ് ഇത്.

അധ്യായം 19 മർയം, വചനം 35.

ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് അല്ലാഹുവിന്ന് ചേർന്നതല്ല. അവൻ എത്ര പരിശുദ്ധൻ. അവൻ ഒരു കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അതുണ്ടാകുന്നു.

അധ്യായം 19 മർയം, വചനം 36.

ഈസാ പറഞ്ഞു: തീർച്ചയായും അല്ലാഹു എന്റെയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ നിങ്ങൾ അവന്ന് കീഴ്പ്പെട്ട് അവനെ ആരാധിക്കുക. ഇതത്രെ നേരെച്ചൊവ്വെയുള്ള മാർഗ്ഗം.

അധ്യായം 19 മർയം, വചനം 37.

എന്നിട്ട് അവർക്കിടയിൽ നിന്ന് കക്ഷികൾ ഭിന്നിച്ചുണ്ടായി. അപ്പോൾ അവിശ്വസിച്ച വർക്കത്രെ ഭയങ്കരമായ ഒരു ദിവസത്തിന്റെ സാന്നിധ്യത്താൽ വമ്പിച്ച നാശം.

അദ്ധ്യായം 19 മർയം, വചനം 38.

അവർ നമ്മുടെ അടുത്ത് വരുന്ന ദിവസം അവർക്ക് എന്തൊരു കേൾവിയും കാഴ്ചയുമായിരിക്കും! പക്ഷെ, ഇന്ന് ആ അക്രമികൾ പ്രത്യക്ഷമായ വഴികേടിലാകുന്നു.

അധ്യായം 19 മർയം, വചനം 39.

നഷ്ടബോധത്തിന്റെ ദിവസത്തെപ്പറ്റി അഥവ കാര്യം അന്തിമമായി തീരുമാനിക്കപ്പെടുന്ന സന്ദർഭത്തെപ്പറ്റി നീ അവർക്ക് താക്കീത് നൽകുക. അവർ അശ്രദ്ധയിലകപ്പെട്ടിരിക്കുന്നു, അവർ വിശ്വസിക്കുന്നില്ല.

അധ്യായം 19 മർയം, വചനം 40.

തീർച്ചയായും നാം തന്നെയാണ് ഭൂമിയുടെയും അതിലുള്ളവരുടെയും അനന്തരാവകാശിയാകുന്നത്. നമ്മുടെ അടുക്കലേക്ക് തന്നെയായിരിക്കും അവർ മടക്കപ്പെടുന്നത്.

അധ്യായം 23 സത്യവിശ്വാസികൾ, വചനം 50.

മർയമിന്റെ പുത്രനെയും അവന്റെ മാതാവിനെയും നാം ഒരു ദൃഷ്ടാന്തമാക്കിയിരിക്കുന്നു. വാസയോഗ്യമായ നീരുറവയുള്ള ഉയർന്നൊരു പ്രദേശത്ത് അവർ ഇരുവർക്കും നാം അഭയം നൽകുകയും ചെയ്തു.

അധ്യായം 33 സഖ്യകക്ഷികൾ, വചനം 7.

പ്രവാചകന്മാരിൽ നിന്ന് നാം കരാർ വാങ്ങിയ സന്ദർഭം. നിന്റെ (മുഹമ്മദിന്റെ) പക്കൽ നിന്നും നൂഹ്, ഇബ്റാഹീം, മൂസാ, മർയമിന്റെ മകൻ ഈസാ എന്നിവരിൽ നിന്നും. ഗൗരവമുള്ള ഒരു കരാറാണ് അവരിൽ നിന്നെല്ലാം നാം വാങ്ങിയത്.

അധ്യായം 42 കൂടിയാലോചന, വചനം 13.

നൂഹിനോട് കൽപ്പിച്ചതും നിനക്ക് നാം ബോധനം നൽകിയതും ഇബ്റാഹീം, മൂസാ, ഈസാ എന്നിവരോട് നാം കൽപ്പിച്ചതുമായ കാര്യം, അതായത്, നിങ്ങൾ ദൈവീക നടപടിക്രമം നേരെച്ചൊവ്വെ നിലനിർത്തുക, അക്കാര്യത്തിൽ ഭിന്നിക്കാതിരിക്കുക എന്ന കാര്യം അവൻ നിങ്ങൾക്ക് ദൈവീക ന്യായപ്രമാണമായി നിശ്ചയിച്ചിരിക്കുന്നു.

അധ്യായം 43 സുവർണ്ണലങ്കാരം, വചനം 59 ,61

ഈസാ നമ്മുടെ ഒരു അടിമ മാത്രമാകുന്നു. അദ്ദേഹത്തെ നാം അനുഗ്രഹിക്കുകയും ഇസ്രായേൽ സന്തതികൾക്ക് ഒരു മാതൃകയാക്കുകയും ചെയ്തു. തീർച്ചയായും അദ്ദേഹം അന്ത്യസമയത്തിന്റെ ഒരു അറിയിപ്പ് ആകുന്നു. അതിനാൽ അതേപ്പറ്റി നിങ്ങൾ സംശയിച്ചു പോകരുത്. എന്നെ നിങ്ങൾ പിന്തുടരുക, ഇതാകുന്നു നേരായ പാത.

അധ്യായം 43 സുവർണലങ്കാരം, വചനം 63.

വ്യക്തമായ തെളിവുകളും കൊണ്ട് ഈസാ വന്നിട്ട് ഇപ്രകാരം പറഞ്ഞു: തീർച്ചയായും വിജ്ഞാനവും കൊണ്ടാണ് ഞാൻ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്. നിങ്ങൾ അഭിപ്രായഭിന്നത പുലർത്തിക്കൊണ്ടിരിക്കുന്ന കാര്യങ്ങളിൽ ചിലത് ഞാൻ നിങ്ങൾക്ക് വിവരിച്ചുതരാൻ വേണ്ടിയും. ആകയാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

അധ്യായം 57 ഇരുമ്പ്, വചനം 27.

പിന്നീട്, അവർക്കു പിറകെ നാം നമ്മുടെ ദൂതന്മാരെ തുടർന്നയച്ചു. മർയമിന്റെ മകൻ ഈസായെയും നാം തുടർന്നയച്ചു. അദ്ദേഹത്തിന് നാം ഇൻജീൽ(സുവിശേഷം) നൽകുകയും ചെയ്തു. അദ്ദേഹത്തെ പിൻപറ്റിയവരുടെ ഹൃദയങ്ങളിൽ നാം കൃപയുംകരുണയും ഉണ്ടാക്കി. അല്ലാഹുവിന്റെ പ്രീതി തേടേണ്ടതിന് വേണ്ടി പൗരോഹിത്യസന്ന്യാസം അവർ സ്വയം പുത്തനായി നിർമ്മിച്ചു എന്നല്ലാതെ നാം അവർക്കത്

നിയമമാക്കിയിട്ടുണ്ടായിരുന്നില്ല. എന്നിട്ട് അവരത് പാലിക്കേണ്ട മുറപ്രകാരം പാലിച്ചതുമില്ല. അപ്പോൾ അവരുടെ കൂട്ടത്തിൽ നിന്ന് വിശ്വസിച്ചവർക്ക് അവരുടെ പ്രതിഫലം നാം നൽകി. അവരിൽ അധികപേരും ദുർമാർഗികളാകുന്നു.

അധ്യായം 61 അണി, വചനം 6.

മർയമിന്റെ മകൻ ഈസാ പറഞ്ഞ സന്ദർഭം: ഇസ്റാഈൽ സന്തതികളേ, എനിക്ക് മുമ്പുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായിക്കൊണ്ടും എനിക്ക് ശേഷം വരുന്ന അഹമദ് എന്ന പേരുള്ള ഒരു ദൂതനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിന്റെ ദൂതനായി നിയോഗിക്കപ്പെട്ടവനാകുന്നു ഞാൻ. അങ്ങനെ അദ്ദേഹം വ്യക്തമായ തെളിവുകളും കൊണ്ട് അവരുടെ അടുത്തു ചെന്നപ്പോൾ അവർ പറഞ്ഞു: ഇത് വ്യക്തമായ ജാലവിദ്യയാകുന്നു.

അധ്യായം 61 അണി, വചനം 14.

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്റെ സഹായികളായിരിക്കുക. മർയമിന്റെ മകൻ ഈസാ അല്ലാഹുവിന്റെ മാർഗത്തിൽ എന്റെ സഹായികളായി ആരുണ്ട് എന്ന് ഹവാരികളോട് (ശിഷ്യസമൂഹത്തോട്) ചോദിച്ചതുപോലെ. ഹവാരികൾ പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാകുന്നു. അപ്പോൾ ഇസ്റാഈൽ സന്തതികളിൽപ്പെട്ട ഒരു വിഭാഗം വിശ്വസിക്കുകയും മറ്റൊരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു. എന്നിട്ട്, വിശ്വസിച്ചവർക്ക് അവരുടെ ശത്രുവിനെതിരെ നാം പിൻബലമേകുകയും അങ്ങനെയവർ മികവുറ്റവരായിത്തീരുകയും ചെയ്തു.

അധ്യായം 66 നിഷിദ്ധത, വചനം 12.

തന്റെ ഗുഹ്യസ്ഥാനം കാത്തുസൂക്ഷിച്ച ഇംറാന്റെ മകളായ മർയമിനെയും ഉപമയായി എടുത്തു കാണിച്ചിരിക്കുന്നു. അങ്ങനെ നമ്മുടെ ആത്മചൈതന്യത്തിൽ നിന്ന് നാം അതിൽ ഊതുകയുണ്ടായി. തന്റെ രക്ഷിതാവിന്റെ വചനങ്ങളിലും ഗ്രന്ഥങ്ങളിലും അവൾ വിശ്വസിക്കുകയും അവൾ ഭയഭക്തിയുള്ളവരുടെ കൂട്ടത്തിലാകുകയും ചെയ്തു.

അവസാനമായി കുറിക്കട്ടെ:

പ്രിയ വായനക്കാരേ, ഇത്രയും വായിച്ചതിൽ നിന്ന് ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ച ഖുർആൻവചനങ്ങൾ പ്രതിഫലിപ്പിക്കുന്ന സത്യം എന്തെന്ന് നിങ്ങൾക്കും ബോധ്യപ്പെട്ടു കാണുമല്ലോ! പ്രപഞ്ചനാഥനും സ്രഷ്ടാവുമായ ദൈവം ഏകനാണെന്നും, ഈസാ(യേശു) ദൈവത്താൽ നിയോഗിക്കപ്പെട്ട ദൂതനാണെന്നും, പ്രവാചകൻ മുഹമ്മദ് അവസാനത്തെ ദൈവദൂതനാണെന്നുമുള്ള സത്യം ഉൾക്കൊള്ളാൻ ഇനിയെങ്കിലും പരിശ്രമിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു നിങ്ങളുടെ കൈവശമുള്ള ഈ പുസ്തകത്തിന്റെ മുഖ്യ ഉദ്ദേശ്യവും അതത്രെ!

വിവിധ ഭാഷകളിലുള്ള ഖുർആൻപരിഭാഷ ലഭ്യമാകാൻ ഈ പുസ്തകത്തിന്റെ പുറംചട്ടയിൽ കൊടുത്തിട്ടുള്ള QR കോഡ് ഉപയോഗപ്പെടുത്തുമല്ലോ.

അല്ലാഹുവേ! ഞങ്ങളുടെ നാഥാ, ഈ സത്യസന്ദേശം ജനങ്ങൾക്ക് പകർന്നു നൽകാൻ അവസരമൊരുക്കേണമേ, ഈ പരിശ്രമം ഒരു സദുദ്യമമായി ഞങ്ങളിൽ നിന്ന് നീ സ്വീകരിക്കേണമേ.. ആമീൻ

കുറിപ്പുകൾ







Who is Prophet Muhammed ?


Say, "I am not something new among the messengers, nor do I know what will be done with me or with you. I only follow that which is revealed to me, and I am no but a clear warner.
Quran 46:9








Quran
6 LANGUAGES
Scan here to read it


One God?
or
Many gods?
Scan here to read it


एक भगवान?
या
अनेक भगवान?
पढ़ने के लिए स्कैन करें


Prophet Muhammad
The Last Messenger
Scan here to read it


What happens after Death?
2 stages of Life
(Life in buried place & Life after resurrection)
Hell? or Heaven?
Scan here to read it


Are you also a seeker
of True God?
Scan here to read it


Truths told in Quran about
Jesus and Mary
(peace be upon them).
Scan here to read it


Does God exist?
Will He show up?
Scan here to read it


Its for you!
Fellow Muslims!!
Scan here to read it